# Malayala Manorama
# 24 August 2018
# Flood; Mani Blames, Benny Bahnan



## പ്രളയം: മന്ത്രി മണിയെ കുറ്റപ്പെടുത്തി ബെന്നി ബഹനാൻ

കൊച്ചി ● ഇടുക്കി ഡാമിലെ ജലനിരപ്പ് അപായകരമായ നിലയിലെത്തിയിട്ടും കെഎസ്ഇബിക്കു ലാഭമുണ്ടാക്കാൻ വെള്ളം തുറന്നുവിടുന്നതു തടഞ്ഞ മന്ത്രി എം.എം. മണിയുടെ നടപടിയാണു പെരിയാർ നദീതീര മേഖലയിൽ പ്രളയത്തിനു കാരണമായതെന്നു കോൺഗ്രസ് രാഷ്ട്രീയകാര്യ സമിതി അംഗം ബെന്നി ബഹനാൻ ആരോപിച്ചു.

ജലനിരപ്പ് 2,397 അടിയെത്തുമ്പോൾ ട്രയൽ റൺ നടത്തുമെന്ന് മന്ത്രി ഉറപ്പു നൽകിയിരുന്നു. എന്നാൽ, അതു പാലിക്കാതെ ജലനിരപ്പ് ഉയർന്നപ്പോൾ വേണ്ടത്ര മുന്നൊരുക്കമില്ലാതെ പെട്ടെന്നു തുറന്നു വിടുകയായിരുന്നു. കാലവർഷം കനക്കുമെന്നു വിദഗ്ധർ മുന്നറിയിപ്പു നൽകിയിട്ടും ഇത്രയും മഴ പ്രതീക്ഷിച്ചില്ലെന്ന അസംബന്ധ പ്രസ്താവന നടത്തിയ മണി മന്ത്രിസ്ഥാനം രാജിവയ്ക്കണമെന്നു ബെന്നി ആവശ്യപ്പെട്ടു.

### കേന്ദ്രാന്വേഷണം വേണമെന്ന് വിഎച്ച്പി

കൊച്ചി ● സംസ്ഥാനത്തെ പ്രളയത്തിനും ദുരന്തത്തിനും കാരണം ഡാമുകൾ തുറക്കാൻ വൈകിയതും ഒന്നിച്ചും മുന്നറിയിപ്പില്ലാതെയും തുറന്നതുമാണെന്ന വിദഗ്ധ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന സർക്കാരിന്റെ ഗുരുതര വീഴ്ചയെക്കുറിച്ചു കേന്ദ്ര സർക്കാർ അന്വേഷിക്കണമെന്ന് വിശ്വഹിന്ദു പരിഷത്ത് (വിഎച്ച്പി) സംസ്ഥാന് പ്രചാർ പ്രമുഖ് എൻ.ആർ. സുധാകരൻ ആവശ്യപ്പെട്ടു.